# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4006 27.06.2012 - ൽ മറുപടിക്ക്

## ഫ്ളാറ്റുകളിലേക്ക് ജലമോഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. കെ. നാണു<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) **സംസ്ഥാനത്ത് ഫ്ളാറ്റുകളിലേക്കും കെട്ടിട സമുച്ചയങ്ങളിലേക്കും നടക്കുന്ന ജലമോഷണം തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;**<br><br>(ബി) **എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?** | (എ) & (ബി) ശുദ്ധജലമോഷണം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ്, വിജിലൻസ് സെൽ, നോൺ റവന്യൂ വാട്ടർ വിംഗ് എന്നിവ പരിശോധന നടത്തി നടപടികൾ എടുത്തു വരുന്നു. സ്ക്വാഡ്, പരിശോധന നടത്തി ജലമോഷണം ശ്രദ്ധയിൽപ്പെട്ടാൽ കണക്ഷൻ വിച്ഛേദിച്ച് ഉപയോഗിച്ച വെള്ളത്തിനുള്ള തുക മുൻകാല പ്രാബല്യത്തോടെ കണക്കാക്കി ടി തുകയും, കോമ്പൗണ്ടിംഗ് ഫീസും ഉൾപ്പെടെ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പൊതു ടാപ്പുകളിലെ ജലം ദുരുപയോഗം ചെയ്യുന്നത് നിർത്തലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നടപടി സ്വീകരിക്കാറുണ്ട്. അതിലുപരി ഉപഭോക്താവിനെതിരെ വാട്ടർ സപ്ലൈ ആന്റ് സീവറേജ് അമെന്റ്മെന്റ് ആക്റ്റ് പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. മീറ്റർ റീഡർ/ ഫീൽഡ് ജീവനക്കാർ അവരുടെ കൃത്യ നിർവ്വഹണത്തിനിടയിൽ ശ്രദ്ധയിൽപ്പെടുന്ന, ജലമോഷണങ്ങളിലും, നടപടികൾ എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ